**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1882

05.10.2016-ൽ മറുപടിയ്ക്ക്

**<u>കയ്യൂർ സാംസ്കാരിക കേന്ദ്രം</u>**

| **<u>ചോദ്യം</u>** | **<u>ഉത്തരം</u>** |
|---|---|
| ശ്രീ എം.രാജഗോപാലൻ | ശ്രീ.എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി) |
| (എ) കാസർകോട് ജില്ലയിലെ കയ്യൂരിൽ ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൽ ഉജ്ജ്വല അധ്യായം രചിച്ച കയ്യൂർ രക്ത-സാക്ഷികളുടെ സ്മരണ നിലനിർത്തി നിർമ്മിച്ചുവരുന്ന ലൈബ്രറി ഉൾപ്പെടെയുള്ള സാംസ്കാരിക കേന്ദ്രം പൂർത്തീകരിക്കുന്നതിന് ഈ സർക്കാരിന്റെ പുതുക്കിയ ബജറ്റിൽ അനുവദിച്ച സഹായം എപ്പോൾ ലഭ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; ഇതിനാവശ്യമായ സഹായം നിർമ്മാണ കമ്മിറ്റിയ്ക്ക് അനുവദിക്കാൻ നടപടികൾ ഉണ്ടാകുമോ; വ്യക്തമാക്കാമോ? | (എ) 2016-17 സാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ കയ്യൂർ സ്മാരകത്തിന് 50 ലക്ഷം രൂപ പ്രഖ്യാപിച്ചിരുന്നു. കയ്യൂർ സ്മാരകം/കയ്യൂർ സാംസ്കാരിക. കേന്ദ്രം വികസന പ്രവർത്തനങ്ങൾക്ക് ധനസഹായം ആവശ്യപ്പെട്ട് വിശദമായ പ്ലാനും എസ്റ്റിമേറ്റും സമർപ്പിക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് ബജറ്റ് പ്രസംഗമനുസരിച്ചുള്ള തുക നിർമ്മാണ കമ്മിറ്റിക്ക് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ